# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 453      24.10.2016 ൽ - മറുപടിക്ക്

**റേഷൻ കാർഡുകളിൽ മുൻഗണനാ വിഭാഗങ്ങളെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്. ശർമ്മ<br>,, ആർ. രാജേഷ്<br>,, എം. മുകേഷ്<br>,, കാരാട്ട് റസാഖ് : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി) |
| (എ) പുതിയ റേഷൻ കാർഡുകളിൽ മുൻഗണനാ വിഭാഗങ്ങളെ കണ്ടെത്തുന്നതിനായി സ്വീകരിച്ച മാനദണ്ഡമെന്തെന്നും ഇതു മുൻസർക്കാർ സ്വീകരിച്ച മാനദണ്ഡത്തിൽ നിന്ന് വ്യത്യസ്തമായി ഏതു വിധത്തിൽ സംസ്ഥാനത്തെ പാവപ്പെട്ടവർക്ക് പ്രയോജനപ്രദമാണെന്നും വ്യക്തമാക്കാമോ ? | (എ) സർക്കാർ ജീവനക്കാർ, അദ്ധ്യാപകർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ, ആദായ നികുതി ഒടുക്കുന്നവർ, സ്വന്തമായി ഒരേക്കറിനുമേൽ ഭൂമിയുള്ളവർ, സ്വന്തമായി 1000 ചതുരശ്ര അടിയ്ക്ക് മേൽ വിസ്തീർണ്ണമുള്ള വീടോ, ഫ്ളാറ്റോ ഉള്ളവർ, നാല് ചക്ര വാഹനമുള്ളവർ എന്നിവർ മുൻഗണനാ ക്രമത്തിൽ നിന്നും ഒഴിവാക്കപ്പെടും. എന്നാൽ പട്ടിക വർഗ്ഗ വിഭാഗങ്ങളിൽപ്പെടുന്ന ക്ലാസ് 4 തസ്തിക വരെയുള്ള ജീവനക്കാരെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. മുൻസർക്കാർ മുൻഗണനാ വിഭാഗക്കാരെ കണ്ടെത്താൻ താലൂക്ക്തല റാങ്കിംഗ് ആണ് നടത്തിയിരുന്നത്. ഇത് മാറി ഇപ്പോൾ സംസ്ഥാനതല റാങ്കിംഗ് നടത്തിയിട്ടുണ്ട്. സംസ്ഥാനതലത്തിൽ റാങ്കിംഗ് നടത്തുമ്പോൾ അർഹതപ്പെട്ടവർ മുഴുവൻ യോഗ്യതയുടെ മുൻഗണനാ ക്രമത്തിൽ പട്ടികയിൽ ഉൾപ്പെടുവാനാണ് ഇപ്രകാരം തീരുമാനിച്ചത്. |

സെക്ഷൻ ഓഫീസർ